105 (394) മണ്ഡരി രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് കേന്ദ്ര സഹായം

ശ്രീ. പി.ജെ. ഫ്രാൻസിസ് :
ഡോ. എം.എ. കുട്ടപ്പൻ :
ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ഡരി രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കായി കേന്ദ്ര ഗവൺമെന്റ് എന്തെങ്കിലും തുക അനുവദിച്ചിരുന്നുവോ;

(ബി) എങ്കിൽ എന്തു തുക അനുവദിച്ചെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ തുക വകമാറ്റി ചെലവഴിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ എന്തിനുവേണ്ടി ഈ തുക ചെലവഴിച്ചു എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) അനുവദിച്ചിരുന്നു.

(ബി) 96 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ഈ തുക മണ്ഡരി പ്രതിരോധത്തിനായി വിനിയോഗിച്ചുകഴിഞ്ഞു.

106 (395) പച്ചക്കറി ഉൽപ്പാദനം

ശ്രീ. ഡൊമനിക് പ്രസന്റേഷൻ :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999-ൽ ജനകീയാസൂത്രണം മുഖേന സംസ്ഥാനത്ത് അധികമായി എത്രമാത്രം പച്ചക്കറി ഉൽപ്പാദിപ്പിച്ചു;

(ബി) 1999 ഒക്ടോബറിൽ ഉണ്ടായ ലോറി പണിമുടക്കിനെ തുടർന്ന് പച്ചക്കറികൾക്ക് വിലവർദ്ധിപ്പിച്ചിട്ടുണ്ടോ;

(സി) ഈ പണിമുടക്കുകാലത്ത് സംസ്ഥാനത്ത് ജനകീയാസൂത്രണം മുഖേന അധികമായി ഉൽപ്പാദിപ്പിച്ച പച്ചക്കറിമൂലം പച്ചക്കറി സാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിക്കാതിരിക്കാൻ പര്യാപ്തമായിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ കാലത്ത് സംസ്ഥാനത്തെ ഉപയോഗത്തിനായി ജനകീയാസൂത്രണം മുഖേന ഉൽപ്പാദിപ്പിച്ച എത്രമാത്രം പച്ചക്കറി നൽകുവാൻകഴിഞ്ഞു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ വിവരം കൃഷി വകുപ്പിൽ ലഭ്യമല്ല.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി)&(ഡി) വിവരം കൃഷി വകുപ്പിൽ ലഭ്യമല്ല.

107 (396) കയർ ഉപയോഗിച്ചുള്ള മണ്ണ്സംരക്ഷണ പദ്ധതികൾ

ശ്രീ. പി. രാജു :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. സി.എൻ. ജയദേവൻ :
ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ ഉപയോഗിച്ചുള്ള മണ്ണ് സംരക്ഷണ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കൃഷി വകുപ്പു രൂപം നൽകിയിട്ടില്ല.

(ബി) ബാധകമല്ല.

108 (397) ബയോടെക്നോളജിയുടെ വികസന സാദ്ധ്യതകൾ

ശ്രീ. കെ. പ്രകാശ് ബാബു :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. പി.എസ്. സുപാൽ :
ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കാർഷിക മേഖലയിൽ ബയോടെക്നോളജിയുടെ വികസന സാദ്ധ്യതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബയോടെക്നോളജിയുടെ വികസനത്തിനായി ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ബയോടെക്നോളജിയുടെ അനന്തസാദ്ധ്യതകൾ കാർഷിക രംഗത്ത് ഉപയോഗപ്പെടുത്തുന്നതിലേയ്ക്കായി കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ, തിരുവനന്തപുരം ജില്ലയിൽ കഴക്കൂട്ടത്ത് ഒരു ബൃഹത്തായ ബയോടെക്നോളജി കേന്ദ്രം നിർമ്മിച്ചുവരികയാണ്. പ്രസ്തുത കേന്ദ്രത്തിൽനിന്നും ഓർക്കിഡ്, ആന്തൂറിയം, വാഴ, മറ്റു പഴവർഗ്ഗ സസ്യങ്ങൾ എന്നിവയുടെ മേൽത്തരം തൈകൾ ചുരുങ്ങിയ സമയംകൊണ്ട് ഉൽപ്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതോടുകൂടി കേരളത്തിലാദ്യമായി ഈ രംഗത്ത് കൃഷി വകുപ്പു പ്രവർത്തനം ആരംഭിക്കും.

ഇതുകൂടാതെ കാർഷിക മേഖലയിലെ നൂതന സാങ്കേതിക സംരംഭങ്ങൾ എന്ന പദ്ധതി പ്രകാരം സ്വകാര്യ വ്യക്തികൾക്ക് ടിഷ്യൂകൾച്ചർ കേന്ദ്രങ്ങൾ തുടങ്ങുന്നതിന് സാങ്കേതിക സാമ്പത്തിക സഹായം നൽകിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly